CO-OPERATIVE SOCIETIES—REGISTERING OF

170. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ട ദയവുചെയ്ത മറുപടി പറയുമോ.—

(എ) ഫ ഫ ഡ ഡ-ൽ ഇതുവരെയായി എത്ര പുതിയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത;

(ബി) കഴിഞ്ഞ ആണ്ടിൽ ഇതേകാലത്തു് എത്ര സംഘങ്ങളാണ രജിസ്റ്റർ ചെയ്തു്;

(സി) മേൽപറഞ്ഞ ഓരോ കൊല്ലവും രജിസ്റ്റർചെയ്ത സംഘങ്ങളുടെ ആകെ മൂലധനമെത്ര?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഫന്ന ഫ എണ്ണം.

(ബി) ഡഡ എണ്ണം.

(സി) ഫ ഫ ഡ ഫ-ൽ ന, ഫ ഫ, ൫ ൦ ൦ ക.

ഫ ഫ ഡ ഡ-ൽ ൦, ൨ ൫, ൫ ൦ ൦ ക.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഫ ഫ ഡ ഡ-ൽ ഇത്രയധികം സഹകരണ സംഘങ്ങൾ രജിസ്റ്റ് ചെയ്യാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പ്രത്യേകകാരണങ്ങൾ ഒന്നുമില്ല. ഒരുപക്ഷേ, ഫെയർ പ്രൈസ് ഷാപ്പുകൾ കൊ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക കൊടുക്കുന്നതായി കണ്ടറിഞ്ഞ മൂലമായിരിക്കാം കൂടുതൽ സംഘങ്ങൾ രജിസ്റ്റ് ചെയ്യുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിൽ എത്ര സൊസൈറ്റികൾ റേഷൻ ഷാപ്പുകൾ കിട്ടുന്നതിന് അപേക്ഷിക്കുകയുണ്ടായി?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വളരെ അധികം സംഘങ്ങൾ, റേഷൻഷാപ്പുകൾക്ക അപേക്ഷിച്ചിട്ട് അനുവദിച്ചു കൊടുക്കാതിരുന്നതായി അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ് വേണം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ Co-ordinate ചെയ്യാൻ വല്ല നടപടികളും നടത്തുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇതുവരെ നടപടികൾ ഒന്നും എടുത്തിട്ടില്ല.

Mr. K. Balakrishna Menon (*Cheruthuruthy*): Is there any parallel association for amalgamation, for joint thinking and for joint action? Will you please consider that?

Mr. C. R. Iyyunni *(Minsster for Revennue)*: The matter will be considered.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഫന്ന ഫ സൊസൈറ്റികളിൽ തോപ്പിൻ വീട്ടുകാക്ക് ഒരു സൊസൈറ്റി രജിസ്റ്റ് ചെയ്ത് കൊടുത്തതുപോലെ ഓരോവീട്ടുകാക്കും രജിസ്റ്റ് ചെയ്ത് കൊടുത്തതായി എത്ര എണ്ണമുണ്ടു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പരസ്പരസഹായ സംഘം രജിസ്റ്റ് ചെയ്യുന്നതിനു പ്രജാമണ്ഡലം സംഘടനയിൽനിന്നു് അപേക്ഷിക്കുന്ന അപേക്ഷകൾക്ക് മുൻഗണന കൊടുക്കാൻ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല. I do not think any answer is necessary for a question like that.

മിസ്റ്റർ പി. കെ. ഡിവർ: കൊ-ഓപ്പറേറ്റീവ് സൊസൈറ്റികൾ co-ordinate ചെയ്യുന്നതിനു് പല യൂണിയനും സ്ഥാപിച്ചിട്ടില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആൻസർ എ. യിൽ ഫ ഡ ഡ-ൽ ഇതുവരെയായി ഫന്ന ഫ എണ്ണം രജിസ്റ്റ് ചെയ്തിട്ടുണ്ടെന്നു് പറഞ്ഞിട്ടുണ്ടു്. ഏതു കാലംവരെ രജിസ്റ്റ് ചെയ്തതാണിതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മിഥുനം അവസാനംവരെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഫ ഫ ഫ-ൽ ഫ ന്യ ഫ എണ്ണം റജിസ്ട്രു ചെയ്തിട്ടുണ്ട് എന്നു കാണുന്നുണ്ടല്ലൊ. ഇതിൽ എത്ര എണ്ണം അധ:പതിച്ചുപോയി എന്നുള്ളതറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടിസ്സു് വേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഫ ഫ ഫ-വരെ റജിസ്ട്രു ചെയ്ത എത്ര സഹകരണ സംഘങ്ങളാ ഉണ്ട്; അതിൽ എത്ര എണ്ണം അധഃപതിച്ചുപോയി, അതുകൊണ്ടു ഗവണ്മെണ്ടിനു എത്ര സംഖ്യ നഷ്ടം വന്നിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : നോട്ടിസ്സു് വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഇക്കൊല്ലം ഫന്ന ഫ എണ്ണം റജിസ്ട്രു ചെയ്തിട്ടുണ്ടല്ലൊ, ഇതിൽ മാൻട്ടി പർപ്പസ്സു് കൊ-ഓപ്പറേറീവ് സൊസൈറ്റി വല്ലതുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഫ ഫ ഫ-ൽ സംഘം റജിസ്ട്രു ചെയ്യാനായി കിട്ടിയിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം നിരസിച്ചിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സു് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ഈ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ റേഷൻ ഷാപ്പുകൾ എല്ലിക്കുന്നതു് നന്നായിരിക്കുമെന്നറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : എല്ലാ സംഘങ്ങൾക്കും റേഷൻഷാപ്പു് എല്ലിച്ചുകൊടുക്കുന്നതു ശരിയായിരിക്കുകയില്ല. അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു കൂലങ്കഷമായ അന്വേഷണം നടത്തി, തൃപ്തിപ്പെട്ടശേഷം മാത്രമേ, അതു എല്ലിച്ചുകൊടുക്കാൻ നിവർത്തിയുള്ളു. അതുപ്രകാരമായ പ്രവർത്തനം നടത്തുന്ന സംഘങ്ങൾക്കു് റേഷൻ ഷാപ്പുകൾ എല്ലിച്ചുകൊടുക്കുക സാധ്യമല്ല.

മിസ്റ്റർ പി. നാരായണമേനോൻ : ഫ ഫ ഫ-ൽ ഇത്രയും സംഘങ്ങൾ റജിസ്ട്രു ചെയ്തതിനു് ശേഷം റേഷൻ ഷാപ്പുകൾ അനുവദിച്ചു കൊടുക്കാത്തതുകൊണ്ടു് വർത്തനം ഒന്നുമെന്നു വച്ചിട്ടുള്ള വല്ല സംഘങ്ങളുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : നോട്ടീസ്സു് വേണം.

BOAT SERVICE—RESUMPTION BY GOVERNMENT

171. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

സംസ്ഥാനത്തുള്ള ബോട്ടുസർവ്വീസുകൾ എല്ലാം ഗവർമ്മെണ്ടിൽനിന്നു് ഏറ്റെടുത്തു നേരിട്ടു നടത്തുന്നതിനെക്കുറിച്ചു ഗവർമ്മെണ്ടു് ആലോചിക്കുന്നുണ്ടോ ?

റാവുസാഹിബു് കെ. അയ്യപ്പൻ : നടത്തണോ വേണ്ടയൊ എന്നു ആലോചന നടത്തുന്നുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ : ഈ ആലോചന തുടങ്ങിയിട്ടു എത്രകാലമായി?

റാവുസാഹിബു് കെ. അയ്യപ്പൻ : ആലോചന തുടങ്ങിയിട്ടു ഏതാണ്ടു മാസമായി. ഒരു എക്സപ്പർട്ടിനെ കിട്ടാനുള്ള ബുദ്ധിമുട്ടുണ്ടു്. ഫൈനബാദിലെ ഗവർമ്മേണ്ടിനോടു ഒരാളെ അയച്ചുതരണമെന്നു ആവശ്യപ്പെട്ടപ്പോൾ അങ്ങിതു ഒരാളെ അയച്ചുതരാൻ നിവർത്തിയില്ലാ, ഇവിടെനിന്നും ഒരാളെ അയക്കുകയാണെങ്കിൽ അവിടെ സാഗതികം പാർക്കാനുള്ള എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കാം എന്നാണു പറഞ്ഞതു. ആ കാര്യത്തെപ്പറ്റി ആലോചിച്ചു വരുകയാണു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഈ കാര്യത്തിൽ ഒരു വിദഗ്ദ്ധന്റെ ആവശ്യമെന്താണുള്ളതു്?

റാവുസാഹിബു് കെ. അയ്യപ്പൻ : ഇതിനെപ്പറ്റി പല സംഗതികളും ആലോചിക്കാനുണ്ടു്. തിരുവിതാംകൂറിൽ ട്രാൻസ്പോർട്ടു് ഗവർമ്മേണ്ടു് വകയാക്കിയപ്പോൾ പുറത്തുനിന്നു ഒരു വിദഗ്ധനെ കൊണ്ടുവരികയുണ്ടായി.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ബോട്ടുസർവ്വീസ്സു് നടത്തുന്നതിനു് ഡ്രൈവർമാരും മറ്റുമല്ലേ ആവശ്യം. വിദഗ്ധന്റെ ആവശ്യമെന്താണെന്നു് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly